പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 36

# 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

<u>പതിനഞ്ചാം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 36</u>

# 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

1367/2021.

പതിനഞ്ചാം കേരള നിയമസഭ
ബിൽ നമ്പർ 36

# 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും പരിരക്ഷയ്ക്കുമായി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുക്കുന്ന തൊഴിലാളികൾക്കു വേണ്ടി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(എ) ഈ ആക്ടിന് "2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ആക്ട് " എന്ന് പേര് പറയാം.

(ബി) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കും.

(സി) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വിജ്ഞാപനം" എന്നാൽ ഈ ആക്ട് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(ബി) "വകുപ്പ്" എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു ;

(സി) "നിർണ്ണയിക്കപ്പെട്ട " എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടായിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(ഡി) "ക്ഷേമനിധി" എന്നാൽ പ്രത്യേക ഉദ്ദേശ്യ ലക്ഷ്യ നിർവ്വഹണത്തിനായി സർക്കാർ രൂപീകരിക്കുന്ന ഒരു നിധി എന്നർത്ഥമാകുന്നു ;

(ഇ) "ക്ഷേമനിധി ബോർഡ് " എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരള സംസ്ഥാനത്ത് തൊഴിലെടുക്കുന്ന തൊഴിലാളികളുടെയും ആശ്രിതരുടെയും കുട്ടികളുടെയും ക്ഷേമത്തിനും മെച്ചപ്പെട്ട ജീവിത അവസ്ഥയ്ക്കും വേണ്ടി യുക്തമായ നടപടികൾ ആലോചിച്ച് കൈകൊള്ളുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനും അധികാരപ്പെട്ട കേന്ദ്രം/സമിതി എന്നർത്ഥമാകുന്നു.

3. <u>ക്ഷേമനിധി ബോർഡ് രൂപീകരണം.</u>—(എ) സർക്കാരിന്റെ ഗസറ്റ് വിജ്ഞാപനം വഴി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാവുന്നതാണ് ;

(ബി) ബോർഡിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :

(i) തൊഴിൽ വകുപ്പുമന്ത്രി, വനിത-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ;

(ii) തൊഴിൽ, സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിമാർ ;

(iii) ചെയർപേഴ്സൺ ;

(iv) കാര്യനിർവ്വഹണാധികാരത്തോടുകൂടിയ മാനേജിംഗ് ഡയറക്ടർ ;

(v) സർക്കാർ നോമിനേറ്റ് ചെയ്യുന്ന പ്രതിനിധികൾ, വനിതാ തൊഴിലാളി പ്രതിനിധികൾ.

4. <u>ബോർഡിന്റെ പ്രവർത്തനം.</u>—(എ) ക്ഷേമനിധി ബോർഡ് അഥവാ സമിതിയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവരുടെ നിയമനം സർക്കാർ ചട്ടപ്രകാരം നടത്തേണ്ടതാണ് ;

(ബി) ക്ഷേമനിധി ബോർഡിന് ജില്ലാടിസ്ഥാനത്തിൽ ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്;

(സി) ജില്ലാ ലേബർ ഓഫീസറുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യക്ഷേമ വകുപ്പ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് അംഗങ്ങൾ എന്നിവർ ഉപസമിതിയിൽ അംഗങ്ങൾ ആയിരിക്കും ;

(ഡി) ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ ഉത്ഭവിക്കാൻ സാധ്യതയുള്ള തർക്കങ്ങളും പ്രശ്നങ്ങളും ഈ ഉപസമിതി പരിഹരിക്കേണ്ടതാണ് ;

(ഇ) സംസ്ഥാന ക്ഷേമനിധി ബോർഡ് പ്രസ്തുത ഉപസമിതിയുടെ അപ്പലേറ്റ് അതോറിറ്റി ആയിരിക്കും.

5. <u>സമിതിയുടെ കർത്തവ്യങ്ങൾ.</u>—(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുക്കുന്നവരുടെയും, കുട്ടികളുടെയും, ആശ്രിതരുടെയും, ആരോഗ്യ പരിരക്ഷ, വിവാഹം, വിദ്യാഭ്യാസം എന്നിവയ്ക്ക് സഹായം നൽകുക;

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ ലഭ്യമാക്കുക;

(സി) തൊഴിലെടുക്കുന്ന സ്ഥലത്തിന്റെയും സ്ഥാപന ജംഗമ വസ്തുക്കളുടെ ഉടമ, ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും ക്ഷേമനിധിയുടെ പ്രവർത്തനത്തിന് സഹായകരമല്ലാത്ത നിലപാടുകൾ ഉണ്ടായാൽ അതിൽ ഇടപെടുവാനും നിയമപരമായ പരിഹാരം കാണുവാനും എല്ലാ അധികാരവും അവകാശവും ക്ഷേമനിധി ബോർഡിന് ഉണ്ടായിരിക്കുന്നതാണ് ;

(ഡി) തൊഴിലെടുക്കാൻ കഴിയാത്തവർക്കും 70 വയസ്സ് പൂർത്തീകരിച്ചവർക്കും പെൻഷൻ നൽകുക ;

(ഇ) തൊഴിലാളികൾ ജോലി ചെയ്തുവരുന്ന സ്ഥലത്തിന്റെ ഉടമ/കമ്പനി ഉടമ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിഹിതം, സർക്കാർ നിശ്ചയിച്ചിട്ടുള്ള തൊഴിലാളി വിഹിതം, സർക്കാർ നിശ്ചയിക്കുന്ന പ്രകാരം രൂപീകരിക്കുന്ന ക്ഷേമനിധി ഫണ്ട്, മറ്റു സാമ്പത്തിക വരുമാന മാർഗ്ഗങ്ങൾ എന്നിവയിലൂടെ ആയിരിക്കണം ക്ഷേമനിധി ബോർഡിന്റെ കാലാകാലങ്ങളായുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത് ;

(എഫ്) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുക്കുന്നവരും കുടുംബത്തിൽപ്പെട്ടവരും അപകടത്തിൽപ്പെടുകയോ ഈ അപകടംമൂലം മരണപ്പെടുകയോ ചെയ്താൽ ധനസഹായം നൽകുക ;

(ജി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം രണ്ട് വർഷം തൊഴിലെടുത്ത പ്രായപൂർത്തിയായ എല്ലാവർക്കും ഈ ക്ഷേമനിധിയിൽ അംഗങ്ങളാകാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 27 ലക്ഷം പേർ തൊഴിലെടുക്കുന്നുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

സമൂഹത്തിൽ സാമ്പത്തികമായും സാമൂഹ്യപരമായും ഏറ്റവും പിന്നോക്കാവസ്ഥ യിലുള്ളവരാണ് തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നത്. ഇതിൽ തന്നെ 99% പേരും സ്ത്രീകളാണ് എന്നുള്ളതും പ്രത്യേകം പരിഗണന അർഹിക്കുന്ന വിഷയങ്ങളാണ്. ഇവർക്ക് ലഭിക്കുന്ന വരുമാനവും ക്ഷേമപദ്ധതികളും സമൂഹത്തിലെ ഏറ്റവും അനുയോജ്യമായവർക്കും അർഹരായവർക്കും ലഭിക്കുന്നതായി കണക്കാക്കാം. ഇവർക്ക് അന്തസ്സോടെയും ആത്മാഭിമാനത്തോടെയും ജീവിക്കാൻ അവസരം ഉണ്ടാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ക്ഷേമനിധി ബോർഡ് നിലവിൽ വരുകയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും ബോർഡിന്റെ പ്രാരംഭ ചെലവുകൾക്കായി ഇരുപത്തിയഞ്ച് ലക്ഷം രൂപ സഞ്ചിതനിധിയിൽനിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടി ക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ഇ. ടി. ടൈസൺ മാസ്റ്റർ , എം.എൽ.എ.